# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3117**

**20.06.2014 - ൽ മറുപടിക്ക്**

## കാർഷിക സർവ്വകലാശാലയ്ക്ക് കേന്ദ്ര നിയമം

**ചോദ്യം**

ശ്രീ. എ.കെ. ശശീന്ദ്രൻ
ശ്രീ. തോമസ് ചാണ്ടി

**മറുപടി**

**ശ്രീ.കെ.പി. മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| എ) കാർഷിക സർവ്വകലാശാലയിൽ കേന്ദ്ര കാർഷിക ഗവേഷണ കൗൺസിൽ നിർദ്ദേശിക്കുന്ന നിയമം നടപ്പിലാക്കാൻ എന്തെങ്കിലും നീക്കം ഉണ്ടോ; | എ) ബി) സി) & ഡി) ഐ.സി.എ.ആർ. മോഡൽ ആക്ടിനനുസൃതമായി കേരള കാർഷിക സർവ്വകലാശാല ആക്ട് ഭേദഗതി ചെയ്യണമെന്ന ഐ.സി.എ.ആർ. നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്. അന്തിമ തീരുമാനം സ്വീകരിച്ചിട്ടില്ല. |
| ബി) ഈ നിയമം നടപ്പിലാക്കിയാൽ സംസ്ഥാന സർക്കാരിന് ഇപ്പോഴുള്ള പരിമിതമായ അധികാരം പോലും ഇല്ലാതാക്കുന്നതും വൈസ് ചാൻസലർക്ക് പൂർണ്ണമായ അധികാരം നൽകുന്നതുമാണ് കേന്ദ്ര കാർഷിക ഗവേഷണ കൗൺസിൽ നിർദ്ദേശിക്കുന്ന നിയമമെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| സി) നൂറു ശതമാനവും സംസ്ഥാന സർക്കാരിന്റെ ഗ്രാന്റ് കൊണ്ടു പ്രവർത്തിക്കുന്ന സർവ്വകലാശാലയിൽ സംസ്ഥാന സർക്കാരിന് ഒരധികാരവും ഇല്ലാതാകുമെന്നും പ്രൊ-ചാൻസലർ പദവി ഇല്ലാതാകുമെന്നും ഉള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| ഡി) അക്കാദമിക രംഗത്ത് ജനാധിപത്യ ഭരണക്രമം നില നിൽക്കുന്ന കേരളത്തിൽ കേന്ദ്ര കാർഷിക ഗവേഷണ കൗൺസിൽ നിർദ്ദേശിക്കുന്ന നിയമം നടപ്പിൽ വരുത്തുന്നത് കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി പിൻവലിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | |

Sreja/ma

**സെക്ഷൻ ഓഫീസർ**